**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6648** **11-11-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജക മണ്ഡലത്തിലെ അസാപ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ അസാപ് (എ.എസ്.എ.പി) സെന്ററുകളും അതിൽ ഓരോന്നിലും നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്നും അറിയിക്കുമോ? | (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററായി ജി.എച്ച്.എസ്.എസ്. വെഞ്ഞാറമൂട് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ കീഴിലായി 8 ഹയർ സെക്കൻഡറി സ്കൂളുകൾ ഉണ്ട്. 2019-2020 വരെ പ്രസ്തുത സ്കൂളുകളിലെ കുട്ടികൾക്ക് ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിനും വിവരസാങ്കേതിക വിദ്യയിലെ നൈപുണ്യം വികസിപ്പിക്കുവാനുമായി അസാപ് ഫൗണ്ടേഷൻ മോഡ്യൂളിലൂടെ സൗജന്യമായി പരിശീലനം നൽകുകയുണ്ടായി. 2019-20-ൽ കോവിഡ് കാരണം കോഴ്സുകൾ പൂർണതോതിൽ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കോഴ്സുകൾ നൽകുന്നതിന്റെ ഭാഗമായി, അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററായ വെഞ്ഞാറമൂട് ജി.എച്ച്.എസ്.എസ്.-ന്റെ കീഴിലായി വരുന്ന മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ, ഗൂഗിൾ അസോസിയേറ്റ് ക്ലൗഡ് എഞ്ചിനീയർ, ഇൻട്രൊഡക്ഷൻ ടു റോബോട്ടിക്സ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ തുടങ്ങിയ കോഴ്സുകളിൽ ഈ കാലയളവിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. സൈബർ സെക്യൂരിറ്റി, AWS ക്ലോസ്ഡ് കമ്പ്യൂട്ടിങ്, ആട്ടോഡെസ്ക്, സോഫ്റ്റ് വെയർ ടെസ്റ്റിംഗ് തുടങ്ങിയ നൂതന കോഴ്സുകളിലേയ്ക്കായി മേൽപറഞ്ഞ സെന്ററിൽ രജിസ്ട്രേഷൻ തുടർന്നു വരുന്നു. അസാപിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലേയ്ക്ക് എളുപ്പത്തിൽ എത്തിക്കുന്നതിനായി മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിലും മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ്, പാങ്ങോട്-ലും അസാപ് സെൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ